## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5067 | | 28.10.2016-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| വെളിയിട വിസർജന മുക്ത മണ്ഡലം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.ബി.സത്യൻ | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | ആറ്റിങ്ങലിനെ സമ്പൂർണ്ണ വെളിയിട വിസർജന മുക്ത മണ്ഡലമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | ആറ്റിങ്ങൽ മുനിസിപ്പാലിറ്റി പരിധിയിലെ 204 കുടുംബങ്ങൾക്ക് ഗാർഹിക ശൗചാലയം നിർമ്മിക്കുന്നതിന് 1,087,932.00/-രൂപ സംസ്ഥാന ശുചിത്വമിഷനിൽ നിന്ന് അനുവദിച്ചിട്ടുണ്ട്. 84 ഗുണഭോക്താക്കൾക്ക് ആദ്യ ഗഡുവായ 5000/- രൂപ വീതം മുനിസിപ്പാലിറ്റി അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (ബി) | ആറ്റിങ്ങൽ മണ്ഡലത്തിലെ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇതിൽ പൂർണത കൈവരിച്ചിട്ടുണ്ടെന്നും, ഇനി ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ നേട്ടം കൈവരിക്കാനുണ്ടെന്നും, നേട്ടം കൈവരിക്കാത്ത സ്ഥാപനങ്ങൾ എന്നത്തേക്ക് സമ്പൂർണ്ണ വെളിയിട വിസർജന മുക്ത സ്ഥാപനമാക്കാൻ തീരുമാനമെടുത്തിട്ടുണ്ടെന്നും വിശദമാക്കാമോ; | (ബി) | വക്കം, കരവാരം, നഗരൂർ, പഴയകുന്നുമൽ, പുളിമാത്ത്, മണമ്പൂർ. ഒറ്റൂർ, കിളിമാനൂർ എന്നീ ഗ്രാമപഞ്ചായത്തുകൾ പൂർണ്ണമായും വെളിയിട വിസർജന മുക്തമായി സ്വയം പ്രഖ്യാപിച്ചിട്ടുണ്ട്. ബാക്കിയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ മാസത്തിനകം ഈ നേട്ടം കൈവരിക്കാനുള്ള തീവ്രശ്രമത്തിലാണ്. |
| (സി) | ജില്ലയിൽ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് മേൽ നോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥൻ ആരാണെന്ന് വ്യക്തമാക്കാമോ? | (സി) | ജില്ലാ കളക്ടർ. |

സെക്ഷൻ ഓഫീസർ